# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്ത് - 2009-10 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.2, 2010-11, 2011-12 വർഷത്തെ വരവു ചെലവു കണക്കുകളുടെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 – എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം.2364 /14/തസ്വഭവ. തിരുവനന്തപുരം, തീയതി:05/09/2014

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 04/04/2014-ലെ എം3-11758/14-ാം നമ്പർ സർക്കാർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 15/07/2014-ലെ LF/PT1/7284/2014-ാം നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പ്രകാരം 'വീടിനു ചുറ്റും മണ്ണിട്ടുയർത്തൽ' എന്ന പദ്ധതിയനുസരിച്ച് സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനത്തിൽ ചെലവു ചെയ്ത 83,000/- രൂപ (എൺപത്തി മൂന്നായിരം രൂപ മാത്രം) യും 2010-11, 2011-12 എന്നീ വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പ്രകാരം 'കുടിവെള്ളക്കിണർ, മോട്ടോർ, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കൽ' എന്ന പദ്ധതിയനുസരിച്ച് സർക്കാർ മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനത്തിൽ ചെലവു ചെയ്ത 81,000/-രൂപ (എൺപത്തിയൊന്നായിരം രൂപ മാത്രം) യും ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

പായിപ്പാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09/12/2013-ാം തീയതിയിലെ 1-ാം നമ്പർ തീരുമാനം, 09/12/2013-ലെ 1 (3)-ാം നമ്പർ തീരുമാനം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ തീരുമാനം എന്നിവ സഹിതം പരാമർശം 1 പ്രകാരം പ്രസ്തുത ആഡിറ്റ് പരാമർശങ്ങളിന്മേൽ ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിൽ സാധൂകരണാപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്. പായിപ്പാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങൾ സാമ്പത്തികമായി ഏറ്റവും താഴെക്കിടയിൽ ജീവിക്കുന്ന ജനവിഭാഗമായതിനാലും പഞ്ചായത്തിലെ പല ഭാഗങ്ങളിലെയും കിണറുകൾക്ക് 80 അടി താഴ്ചയിൽ ആഴമുള്ളതിനാലും കർഷകത്തൊഴിലാളികളായ കുടുബാംഗങ്ങൾ തൊഴിൽ മേഖലയിലെ സേവനത്തിനു ശേഷം സന്ധ്യയോടെ വീട്ടിലെത്തിയാൽ കുടിവെള്ളത്തിനായി പല സ്ഥലങ്ങളിലായി സ്ഥാപിച്ചിരിക്കുന്ന പൊതുടാപ്പുകളെയാണ് ആശ്രയിക്കുന്നത് എന്നതിനാലും ആരോഗ്യപരമായി വളരെയധികം ബുദ്ധിമുട്ടുകളുള്ള കുടുംബങ്ങൾ സംരക്ഷിക്കേണ്ട ബാദ്ധ്യത ജനാധിപത്യ പ്രക്രിയയിലൂടെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുണ്ട് എന്ന പൂർണ്ണ ബോദ്ധ്യമുള്ളതിനാലും പ്രസ്തുത പദ്ധതിക്ക് ബ്ലോക്ക് കമ്മിറ്റിയും ഡി.പി.സി യും അംഗീകാരം നൽകിയിട്ടുള്ളതിനാലും 'കുടിവെള്ളക്കിണർ, മോട്ടോർ, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കൽ' എന്ന പദ്ധതിയെ സംബന്ധിച്ച ആഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകുന്നതിനായി 09/12/2013-ലെ 1(3) -ാം നമ്പർ കമ്മിറ്റി തീരുമാനാടിസ്ഥാനത്തിൽ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പടിഞ്ഞാറൻ കുട്ടനാടൻ മേഖലകൾ കുട്ടനാടിനോട് ചേർന്നു കിടക്കുന്ന സ്ഥലമായതിനാൽ വർഷത്തിൽ 4 പ്രാവശ്യം വെള്ളപ്പൊക്കം പതിവായതിനാൽ വീടിന്റെ ചുറ്റും മണ്ണ് ഒലിച്ചു പോകുന്നതിനാൽ വീടിന് ബലക്ഷയം ഉണ്ടാകുന്നതിനാലും ബലക്ഷയം താൽക്കാലികമായി പരിഹരിക്കുന്നതിന് വീടിന് ചുറ്റും മണ്ണ് ഇടേണ്ടത് അനിവാര്യമാണെന്നത് പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമ ബോദ്ധ്യമുള്ളതിനാലും തികച്ചും സദുദ്ദേശത്തോടെ നടപ്പിലാക്കിയ "വീടിനു ചുറ്റും മണ്ണിട്ടുയർത്തൽ" എന്ന പദ്ധതിയെ സംബന്ധിച്ച ആഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകുന്നതിനായി 09/12/2013-ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാനാടിസ്ഥാനത്തിൽ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത ചെലവുകൾ നിർദ്ധനരായ ദുർബല വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യവും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിൽ സഹായിച്ചിട്ടുള്ളതായി പഞ്ചായത്ത് കമ്മിറ്റി വ്യക്തമാക്കിയിട്ടുള്ളതിനാൽ സദുദ്ദേശ്യത്തോടെയുള്ള ടി ചെലവിന് സാധൂകരണം നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പ്രകാരം 'വീടിന് ചുറ്റും മണ്ണിട്ടുയർത്തൽ' എന്ന പദ്ധതിയനുസരിച്ച് സർക്കാർ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് 83,000/- രൂപ (എൺപത്തി മൂന്നായിരം രൂപ മാത്രം) ചെലവു ചെയ്ത പഞ്ചായത്ത് നടപടിയും 2010-11, 2011-12 എന്നീ വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പ്രകാരം 'കുടിവെള്ളക്കിണർ, മോട്ടോർ, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കൽ' എന്ന പദ്ധതിയനുസരിച്ച് സർക്കാർ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് 81,000/- രൂപ (എൺപത്തിയൊന്നായിരം രൂപ മാത്രം) ചെലവ് ചെയ്ത പഞ്ചായത്ത് നടപടിയും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പായിപ്പാട് ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ